**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3876** — **21.10.2016 ൽ മറുപടിയ്ക്ക്**

**"വിഷലിപ്ത പച്ചക്കറികൾ തിരിച്ചറിയുന്നതിന് നടപടി"**

| **ചോദ്യം**<br>ശ്രീ. ബി.ഡി. ദേവസ്സി | **ഉത്തരം**<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇതരസംസ്ഥാനങ്ങളിൽ നിന്നു വരുന്ന പച്ചക്കറികൾ വിഷവിമുക്തമാണ് എന്നുറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) അയൽ സംസ്ഥാനങ്ങളിലെ കർഷകർക്കിടയിൽ അമിതമായ കീടനാശിനി പ്രയോഗം തടയുന്നതിന് ബോധവത്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിലും ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിലുള്ള കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ലാബുകളിലും ചെക്ക് പോസ്റ്റുകൾ, മൊത്ത ചില്ലറ വ്യാപാരകേന്ദ്രങ്ങൾ കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന പഴം, പച്ചക്കറികളുടെ സാമ്പിളുകൾ പരിശോധിച്ച് പരിശോധനാ ഫലം പരസ്യപ്പെടുത്തുന്നുണ്ട്. |
| (ബി) അയൽ സംസ്ഥാനങ്ങളിൽ നിന്നു വരുന്ന പച്ചക്കറികൾ, പരിശോധനയിൽ വിഷലിപ്തമാണ് എന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) ചിലയിനം പച്ചക്കറികളിൽ വിഷാംശമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ, അവ തിരിച്ചയയ്ക്കുന്നതുൾപ്പെടെയുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ? | (സി) വിഷാംശമുള്ള പച്ചക്കറികളിൽ ഫുഡ് സേഫ്റ്റി നിയമം നിഷ്കർഷിക്കുന്ന പരിധിക്ക് മുകളിൽ കീടനാശിനികളുടെ അംശം കണ്ടെത്തുകയാണെങ്കിൽ അത്തരം പച്ചക്കറികൾ വിതരണം ചെയ്യുന്നവർക്കെതിരെ 2006 -ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് പ്രകാരം നിയമ നടപടികൾ കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**